# പടവുകൾ

കെ.എൽ.ഡി.ബി. ത്രൈമാസ വാർത്താപത്രിക

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം) AN ISO 9001 : 2008 CERTIFIED COMPANY

വാല്യം - 1, ലക്കം - 1
മാർച്ച് 2017

ഗോകുലം, പട്ടം പി.ഒ., തിരുവനന്തപുരം - 695 004 | ഫോൺ: 0471-2440920, ഫാക്സ്: 0471-2440673 | www.livestock.kerala.gov.in


## സന്ദേശം

**അഡ്വ. കെ. രാജു**
വനം - മൃഗസംരക്ഷണം
ക്ഷീരവികസനം-മൃഗശാല വകുപ്പ് മന്ത്രി



കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റേതായി **പടവുകൾ** എന്ന വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. മൃഗപരിപാലനമേഖല അനുദിനം ശാക്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ അടിസ്ഥാന മേഖലയിലെ ഏത് ശാസ്ത്രീയമായ അറിവും, വികസനവും ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് ശക്തി പകരുന്നതും ഈ മേഖലയിലെ ബന്ധപ്പെട്ട കർഷകർക്ക് പുത്തൻ അവബോധം സൃഷ്ടിക്കപ്പെടേണ്ടതുമാണ്. അതിനുകൂടി ഊന്നൽ നൽകുന്നതായിരിക്കും ഈ ത്രൈമാസികയുടെ ഉള്ളടക്കമെന്നും, കെ.എൽ.ഡി.ബിയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അവയുടെ മാർഗ്ഗരേഖകളും, വിശദാംശങ്ങളും, കർഷകരെ അറിയിക്കാനുള്ള ഒരു മാധ്യമമായി ഇത് വളരുമെന്നും പ്രത്യാശിക്കട്ടെ. പടവുകൾ എന്ന വാർത്താപത്രികയ്ക്കും ഇതിന്റെ അണിയറ പ്രവർത്തകർക്കും വായനക്കാർക്കും ഹൃദ്യമായ ആശംസകൾ നേരുന്നു.

**അഡ്വ. കെ. രാജു**

## സന്ദേശം



**അനിൽ എക്സ്. ഐ.എ.എസ്.**
സെക്രട്ടറി, എ.എച്ച്. & ഡി.ഡി.
ചെയർമാൻ, കെ.എൽ.ഡി.ബോർഡ്

കേരളത്തിലെ ക്ഷീരോല്പാദന മേഖലയുടെ സമഗ്ര വികസനത്തിന് ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയിട്ടുള്ള സ്ഥാപനമാണ് കെ.എൽ.ഡി ബോർഡ്. 1963 മുതൽ ഏകദേശം ആറു പതിറ്റാണ്ടുകാലത്തെ നിശ്ശബ്ദ സേവനത്തിലൂടെ ക്ഷീരമേഖലയെ വലിയ മാറ്റങ്ങൾക്ക് വിധേയമാക്കാൻ ഈ സ്ഥാപനം വഹിച്ച പങ്ക് വിലമതിക്കാനാകില്ല. കാർഷിക ക്ഷീരമേഖലയിലെ ശാസ്ത്രീയ അറിവുകളും, അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും കർഷകരുടെ അനുഭവങ്ങൾ ഉൾക്കൊണ്ട് ഗവേഷണ പ്രർത്തനങ്ങൾക്ക് കരുത്ത് പകരുന്നതിനും കെ.എൽ.ഡി ബോർഡ് എന്നും പ്രതിജ്ഞാബദ്ധമാണ്. ക്ഷീരമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കെ. എൽ.ഡി. ബോർഡ് പുറത്തിറക്കുന്ന **പടവുകൾ** എന്ന ഈ ത്രൈമാസികാ പ്രസിദ്ധീകരണം അറിവും, അനുഭവവും കൈമാറുന്ന ഒരു ചാലകമായി വർത്തിക്കുമെന്ന കാര്യം നിസ്സംശയം പറയാം. പ്രസിദ്ധീകരണത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**അനിൽ എക്സ്. ഐ.എ.എസ്.**

## സമർപ്പണം



**ഡോ. ജോസ് ജയിംസ്**
മാനേജിംഗ് ഡയറക്ടർ

1963ൽ ഇൻഡോ -സ്വിസ്സ് പ്രോജക്ടായി ആരംഭിച്ച് ഇന്ന് കേരള സർക്കാരിന്റെ അധീനതയിൽ മൃഗസംരക്ഷണ കർഷക ക്ഷേമം മുൻ നിർത്തി, നിരവധി വികസനോന്മുഖ പ്രവർത്തനങ്ങളിലൂടെ ലാഭകരമായി പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനമാണ് കെ.എൽ.ഡി ബോർഡ്. അതിനൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗവേഷണ പ്രവർത്തനങ്ങളിലൂടെ ക്ഷീരമേഖലയെ പരിപോഷിപ്പിക്കുകയാണ് കെ.എൽ.ഡി ബോർഡിന്റെ പ്രധാന ലക്ഷ്യം. ജനക്ഷേമപ്രവർത്തനങ്ങൾക്ക് ഉണർവ് പകരുവാൻ പരീക്ഷണശാലയിലെ ഗവേഷണ വിവരങ്ങളും, പുരോഗതിയും, നവീന ആശയങ്ങളും അതിവേഗം കർഷകരിലേക്ക് എത്തിച്ചുകൊണ്ടുള്ള ഒരു വിജ്ഞാന വികസനമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട വനം മൃഗസംരക്ഷണം ക്ഷീരവികസനവകുപ്പ് മന്ത്രി അഡ്വ.കെ.രാജു അവർകളുടെ - മാർഗ്ഗനിർദ്ദേശങ്ങളോടെ തയ്യാറാക്കിയിട്ടുള്ള ഈ വാർത്താപത്രിക ക്ഷീരകർഷകർക്ക് ഒരു കൈത്താങ്ങാവുമെന്ന് നിസ്സംശയം പറയാം. കേരളത്തിലെ അടിസ്ഥാന വികസന മേഖലയിലെ ജനങ്ങൾക്ക് വിജ്ഞാന വിപ്ലവം സാദ്ധ്യമാക്കുവാൻ എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് പ്രബുദ്ധരായ കർഷകർക്ക് സുഹൃത്തുക്കൾക്ക് മുന്നിൽ ഈ പ്രസിദ്ധീകരണം സന്തോഷത്തോടെയും ഒപ്പം അഭിമാനത്തോടെയും സമർപ്പിക്കുന്നു.

**ഡോ. ജോസ് ജയിംസ്**

# കെ.എൽ.ഡി. ബോർഡ് - ബീജോൽപ്പാദന കേന്ദ്രങ്ങൾ വീണ്ടും എ ഗ്രേഡിന്റെ നിറവിൽ

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ബീജോല്പാദന കേന്ദ്രങ്ങളെ കേന്ദ്ര കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ഉന്നത ഗുണനിലവാര സർട്ടിഫിക്കേഷൻ വിഭാഗം 2016 ലും എ ഗ്രേഡ് ബീജോൽപ്പാദന കേന്ദ്രങ്ങളായി തെരഞ്ഞെടുത്തു. ഇത് രണ്ടാം തവണയാണ് കെ.എൽ.ഡി. ബോർഡിന് ഈ അപൂർവ്വ നേട്ടം കൈവരിക്കാനായത്.



ഇന്ത്യൻ ക്ഷീരോല്പാദന മേഖലയുടെ ശാക്തീകരണത്തിനുവേണ്ടി വർഗ്ഗഗുണമുള്ള പശുക്കൾ നമുക്ക് അനിവാര്യമാണ്. ഇതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ബീജമാത്രകൾ ഉന്നത ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണമെന്ന ലക്ഷ്യം (MSP- Minimum Standard Protocol) നടപ്പാക്കുന്നതിനു വേണ്ടിയാണ് 2004ൽ പ്രസ്തുത ഗ്രേഡിംഗ് രീതി കേന്ദ്ര സർക്കാർ കർശനമാക്കിയത്. ഇപ്രകാരം ബീജമാത്രകളുടെ അളവും ഗുണനിലവാരവും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി സാങ്കേതിക വിദഗ്ദ്ധരടങ്ങിയ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി രാജ്യത്താകമാനമുള്ള ബീജോൽപ്പാദന കേന്ദ്രങ്ങളിൽ കർശനമായ പരിശോധനകൾ നടത്തിയ ശേഷമാണ് ബീജോൽപ്പാദന കേന്ദ്രങ്ങളെ ഗുണനിലവാര അടിസ്ഥാനത്തിൽ തരംതിരിവ് നടത്തുന്നത്. ഇപ്രകാരം വിവിധ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി 80 ശതമാനം മാർക്ക് നേടിയ സ്റ്റേഷനുകളായിരിക്കും എ ഗ്രേഡ് നിലവാരമുള്ളതായി കണക്കാക്കുക.

സംസ്ഥാനത്തിനകത്തും പുറത്തുമായി ആവശ്യമായി വരുന്ന ഏകദേശം 30 ലക്ഷത്തിലധികം ബീജമാത്രകളാണ് പ്രതിവർഷം കെ.എൽ.ഡി ബോർഡ് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിനു പുറമേ തമിഴ് നാട്, ഒറീസ്സ, പോണ്ടിച്ചേരി, ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിലേക്കും ബീജമാത്രകൾ കെ.എൽ.ഡി. ബോർഡ് നൽകുന്നുണ്ട്. ഇപ്പോൾ എ ഗ്രേഡ് നേടിയ പ്രസ്തുത കെ.എൽ.ഡി. ബോർഡ് - ബീജോൽപ്പാദന കേന്ദ്രങ്ങളെല്ലാം ഇന്ത്യയിലാദ്യമായി കേന്ദ്ര സർക്കാരിന്റെ ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷനും രോഗാണു വിമുക്തത നിർമ്മാണ ഗുണനിലവാര മാനദണ്ഡ സർട്ടിഫിക്കറ്റ് (HACCP - Hazard Analysis and Critical Control Points) നേടിയവയുമാണ്.

ബാംഗ്ലൂരിലെ കേന്ദ്ര ബീജോൽപ്പാദന കേന്ദ്രം ഡയറക്ടറായ ഡോ. വിനോദ് ഭട്ട്, ഊട്ടി ജേഴ്സി ഫാം മാനേജരായ ഡോ. എൻ. ധനശേഖരൻ എന്നിവരടങ്ങിയ വിദഗ്ദ്ധ സമിതി, കെ.എൽ.ഡി. ബോർഡ്- ബീജോൽപ്പാദന കേന്ദ്രങ്ങളായ മാട്ടുപ്പെട്ടി, ധോണി, കുളത്തൂപ്പുഴ എന്നീ ഫാമുകളിൽ ഗുണനിലവാര പരിശോധന നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ബീജോൽപ്പാദന കേന്ദ്രങ്ങൾക്ക് ഈ ബഹുമതി വീണ്ടും ലഭിച്ചത്. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സെമൻ സ്റ്റേഷനുകൾക്ക് ലഭിച്ച ഈ അപൂർവ്വ അംഗീകാരപത്രം കേന്ദ്ര ക്ഷീരവികസന മൃഗസംരക്ഷണ ഫിഷറീസ് വകുപ്പ് സെക്രട്ടറി ശ്രീ. ദേവേന്ദ്ര ചൗധരി ഐ.എ.എസിൽ നിന്ന് കെ.എൽ.ഡി. ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ് ഡൽഹിയിൽ നടന്ന ചടങ്ങിൽ ഏറ്റുവാങ്ങി.

## സന്തതി പരിശോധനയിൽ പുത്തൻ പ്രതീക്ഷയുമായി പ്രതീക്ഷ 2016

### വന്ധ്യതാ നിവാരണ ക്യാമ്പ്



പശുക്കളിലെ വന്ധ്യതാ പ്രശ്നങ്ങളാൽ വിഷമിക്കുന്ന ക്ഷീരകർഷകർക്ക് പുത്തൻ പ്രതീക്ഷ നൽകിക്കൊണ്ട് കെ.എൽ.ഡി. ബോർഡ് വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ചു. മാവേലിക്കര കെ.എൽ.ഡി.ബോർഡ് സന്തതി പരിശോധനാ യൂണിറ്റിനു കീഴിൽ വരുന്ന വെട്ടിയാർ, അറുനൂറ്റിമംഗലം സെന്ററുകളിലാണ് കഴിഞ്ഞ ഡിസംബർ 16-ാം തീയതി പ്രതീക്ഷ 2016 എന്ന പേരിൽ വന്ധ്യതാ നിവാരണ ക്യാമ്പ് സംഘടിപ്പിച്ചത്. മൃഗസംരക്ഷണ വകുപ്പിന്റെകൂടെ സഹകരണത്തോടെ തഴക്കര മൃഗാശുപത്രിയിൽ വച്ച് നടന്ന കർഷക സെമിനാറും തുടർന്നുള്ള ചികിത്സാ ക്യാമ്പിനും മികച്ച പ്രതികരണമാണ് കർഷകരിൽ നിന്നും ലഭിച്ചത്. ഇരുന്നൂറോളം ക്ഷീരകർഷകർ പങ്കെടുത്ത സെമിനാറും ചികിത്സാ ക്യാമ്പും തഴക്കര വാർഡ് മെമ്പർ ശ്രീമതി. തുളസീ ഭായി, പശുക്കൾക്കുള്ള പോഷകാഹാര കിറ്റ് നൽകി ഉദ്ഘാടനം ചെയ്തു,

മൃഗസംരക്ഷണ മേഖലയിലെ പ്രമുഖനും, കെ.എൽ.ഡി ബോർഡിലെ മുൻ ഡെപ്യൂട്ടി ജനറൽ മനേജറുമായ ഡോ. കെ. മുരളീധരൻ നയിച്ച സെമിനാർ ലളിതവും സമഗ്രവുമായിരുന്നു. തുടർന്ന് മൃഗസംരക്ഷണ വകുപ്പിലെ സീനിയർ വെറ്ററിനറി സർജൻ ഡോ. സന്തോഷ് കുമാർ കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകി. കെ. എൽ. ഡി. ബി. മാനേജർ ഡോ. സജീവ് കുമാർ, ഡോ. അനുപ് എന്നിവർ സംസാരിച്ചു.

# സോളാർ-ബയോഗ്യാസ് പ്ലാന്റ് ഉദ്ഘാടനം

കെ.എൽ.ഡി ബോർഡിന്റെ കുളത്തൂപ്പുഴ ഫാമിൽ 2016 ആഗസ്റ്റ് 19ന് സോളാർ ഗ്രിഡ് കണക്ട് പ്ലാന്റിന്റെയും ബയോഗ്യാസ് പ്ലാന്റിന്റെയും ഉദ്ഘാടനം ബഹു. വനം - മൃഗസംരക്ഷണം - ക്ഷീര വികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ. ജഗദമ്മ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ശ്രീമതി. രഞ്ചു സുരേഷ്, മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ശ്രീ. അനിൽ സേവ്യർ ഐ.എ.എസ്., മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ. എൻ. ശശി, ക്ഷീര വികസന വകുപ്പ് ഡയറക്ടർ ശ്രീ. ജോർജ്ജുകുട്ടി ജേക്കബ്, കെ.എൽ.ഡി. ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ് തുടങ്ങിയവരും സന്നിഹിതരായിരുന്നു





നാടൻ പശു സംരക്ഷണത്തിനുള്ള ധനസഹായവിതരണം ബഹു. വനം-മൃഗസംരക്ഷണം-ക്ഷീര വികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു.



## കുളമ്പുരോഗ പ്രതിരോധ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന കുളമ്പുരോഗ പ്രതിരോധ തീവ്രയജ്ഞ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. വനം-മൃഗ സംരക്ഷണം-ക്ഷീര വികസനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു തിരുവനന്തപുരം വി. ജെ. ടി. ഹാളിൽ നിർവ്വഹിച്ചപ്പോൾ. കന്നുകാലി കർഷകർക്കുള്ള ദുരന്തസഹായ വിതരണം, കുളമ്പു രോഗത്തിന് എതിരായുള്ള വാക്സിൻ കൈമാറ്റം എന്നിവയും മന്ത്രി നിർവ്വഹിച്ചു. മേയർ ശ്രീ. വി.കെ. പ്രശാന്ത്, മൃഗസംരക്ഷണ വകുപ്പു ഡയറക്ടർ ഡോ. എൻ. എൻ. ശശി, കെ.എൽ.ഡി.ബി. മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, പാളയം കൗൺസിലർ ശ്രീമതി ഐഷാ ബേക്കർ തുടങ്ങിയവരും പങ്കെടുത്തു.




കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ 2013-14 ലെ ലാഭവിഹിതമായ 22 ലക്ഷം രൂപയുടെ ചെക്ക് 25.01.2017 ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ ബഹു. വനം-മൃഗസംരക്ഷണം-ക്ഷീരവികസനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു മുഖ്യമന്ത്രിക്ക് കൈമാറി. മന്ത്രിമാരായ സർവ്വശ്രീ ജെ. മേഴ്സിക്കുട്ടിയമ്മ, എ.കെ. ശശീന്ദ്രൻ, തോമസ് ഐസക്ക്, ജി. സുധാകരൻ, ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ഐ. എ. എസ്., കെ.എൽ.ഡി.ബി. മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, വനം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. കെ. സദാശിവ ഭട്ട്, കെ.എൽ.ഡി.ബി. ജനറൽ മാനേജർ ഡോ. ബി. എൻ. കിഷൻ, പേഴ്സണൽ മാനേജർ ശ്രീ. ജയകുമാർ എന്നിവർ സമീപം.




കെ. എൽ. ഡി ബോർഡ് കൊല്ലം ജില്ലയിലെ ക്ഷീരകർഷകരുടെ പശുക്കളിൽ നടത്തിയ ഭ്രൂണമാറ്റ പരിപാടി വിജയത്തിലേക്ക്. ചിത്രത്തിൽ ഭ്രൂണമാറ്റ പരിപാടിയിലൂടെ ജനിച്ച കന്നുകുട്ടിയും പശുവുമായി കുളത്തൂപ്പുഴ - വില്ലുമലയിലെ ക്ഷീരകർഷകൻ ശ്രീ. രാധാകൃഷ്ണൻ നായർ. കുളത്തൂപ്പുഴ ഫാമിൽ ഉത്പാദിപ്പിച്ച ഭ്രൂണമാണ് കർഷകരുടെ പശുക്കളിൽ പരീക്ഷിച്ചത്. ഭ്രൂണമാറ്റത്തിന് താത്പര്യമുള്ള കർഷകർക്ക് കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ മാനേജരുമായി ബന്ധപ്പെടാവുന്നതാണ്.



ഫോൺ : 0475-2317547

## ലിംഗനിർണ്ണയം നടത്തിയ ബീജത്തിൽനിന്ന് 22 പശുക്കുട്ടികൾ പിറന്നു

പാലക്കാട്: ലിംഗനിർണയം നടത്തിയ ബീജമുപയോഗിച്ച് പശുക്കളിൽ ഗർഭധാരണം നടത്തിയ പരീക്ഷണം വിജയം. പാലക്കാട് ജില്ലയിലെ അഞ്ച് മൃഗാശുപത്രികളുടെ പരിധിയിലെ തിരഞ്ഞെടുത്ത കിടാരികളിൽ നടത്തിയ പരീക്ഷണമാണ് വിജയം കണ്ടത്. ഇത്തരത്തിലുള്ള 22 കുട്ടികളാണ് ഇതുവരെ ജില്ലയിൽ പിറന്നത്.

മൃഗസംരക്ഷണവകുപ്പിന്റെ സഹായത്തോടെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡാണ് പദ്ധതി നടപ്പിലാക്കിയത്. കാനഡയിൽനിന്ന് ഇറക്കുമതി ചെയ്ത ബീജമാണ് സങ്കലനത്തിന് ഉപയോഗിച്ചത്. ഇവയ്ക്ക് ഒരു ഡോസിന് 1250 രൂപയാണ് വില. ഇവ പൂർണമായും സൗജന്യമായാണ് ബോർഡ് നൽകിയത്. ഒന്നരവയസ്സിൽ താഴെയുള്ള കന്നിക്കിടാവുകളിലാണ് പരീക്ഷണം നടത്തിയത്.


ശ്രീ. രാമചന്ദ്രൻ, നെന്മാറ സ്വന്തം പശുവിനോടൊപ്പം - ലിംഗ നിർണ്ണയ പരീക്ഷണത്തിൽ പിറന്ന പശു കിടാവ് സമീപം

ജില്ലയിൽ നെന്മാറ, കുമരനല്ലൂർ, എരുത്തേമ്പതി, പാലപ്പള്ളം, കൊഴിഞ്ഞാമ്പാറ മൃഗാശുപത്രികൾ വഴിയാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയത്.

## നിയമസഭാ അഷ്വറൻസ് കമ്മിറ്റി മാട്ടുപ്പെട്ടി ഫാം സന്ദർശിച്ചു.

സർക്കാർ നിയമസഭയിൽ ഉന്നയിക്കുന്ന വിഷയങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന്റെ ഭാഗമായി നിയമസഭാ സാമാജികർ അടങ്ങുന്ന ഉന്നതതല സമിതി കെ.എൽ.ഡി ബോർഡ് പദ്ധതികൾ വിലയിരുത്തി. 2017 ജനുവരി 12-ാം തീയതി മാട്ടുപ്പെട്ടി ഫാം സന്ദർശിച്ച സമിതി ഫാമിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണസംതൃപ്തി രേഖപ്പെടുത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.


മാട്ടുപ്പെട്ടി ഹൈടെക് ഫാമിന്റെ പ്രവർത്തനങ്ങൾ സമിതി നേരിട്ട് വിലയിരുത്തുന്നു. ഇടത്തുനിന്ന് കെ.എൽ. ഡി.ബി. മാനേജിംഗ് ഡയറക്ടർ ഡോ. ജോസ് ജെയിംസ്, ശ്രീ. ഇബ്രാഹിംകുഞ്ഞ് എം.എൽ.എ., ശ്രീ. വി.ടി. ബലറാം എം.എൽ.എ.




## പുൽകൃഷി വികസന പദ്ധതികൾ

- കുടുംബശ്രീ വഴി കർഷകരുടെ കൃഷിയിടങ്ങളിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നു.
- പുൽകൃഷി നടത്തുന്നതിന് ഏക്കറിന് 15000 രൂപ സാമ്പത്തിക സഹായം
- പുൽകൃഷി വികസനത്തിൽ പരിശീലനവും ബോധവത്കരണവും
- താൽപര്യമുള്ള കർഷകർക്കും, സ്ഥാപനങ്ങൾക്കും സ്വന്തം കൃഷിയിടങ്ങളിൽ മാതൃകാ പുൽകൃഷിത്തോട്ടം നിർമ്മിച്ചു നൽകുന്നു.
- പുല്ലരിയൽ യന്ത്രങ്ങൾ സബ്സിഡി വിലയിൽ കർഷകർക്ക് ലഭ്യമാക്കുന്നു.
- നിബന്ധനകൾക്ക് വിധേയമായി സൈലേജ് നിർമ്മാണ യൂണിറ്റ് നിർമ്മിക്കുന്ന കർഷകർക്ക് 75000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു.

Edited & Published by: The Managing Director, Kerala Livestock Development Board Ltd. Gokulam, Pattom P.O., Thiruvananthapuram-695 004
e-mail: kldboard8@gmail.com | Website: www.livestock.kerala.gov.in